


# Index

Vicar's Message................................. 2
Article ................................................... 4
Announcements....................................5
Bible Crossword ....................................6
Bible Quiz ............................................. 8
Events Photos.................................. 10



# Vicar's Message

**“ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.” (luke:1:48)**

ത്രീയേക ദൈവത്തിനു സ്തുതി,

വി.ദൈവമാതാവിന്റെ ജനനതിരുന്നാളിന് നാം ഒരുങ്ങുകയാണ്.എട്ടുദിവസത്തെ നോമ്പനുഷ്ഠിച്ച് ദൈവാനുഗ്രഹത്തിന്റെ കീഴിൽ നാം ജീവിതത്തെ ക്രമപ്പെടുത്തുന്നു.അത്യുന്നതനായ ദൈവം തന്റെ ജനത്തോട് സാംസാരിച്ചിട്ടുള്ളതും തന്റെ പദ്ധതികൾ നിറവേറ്റിയിട്ടുള്ളതും താൻ തിരഞ്ഞെടുത്ത വ്യക്തികളിലൂടെയാണ്.ലോകത്തിന്റെ പാപം തന്റെ പ്രിയ പുത്രന്റെ യാഗത്തിലൂടെയല്ലാതെ പരിഹരിക്കാൻ കഴിയില്ല എന്ന ചിന്തയാണ് മനുഷ്യാവതാരത്തിലേക്ക് തന്നെ നയിച്ചത്.അതിനു കളങ്കമറ്റ,ലൗകീക ജീവിത വിശുദ്ധി സൂക്ഷിച്ച,ദൈവപ്രീതി നിറഞ്ഞ കന്യക മറിയാം അമ്മയെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. മാതാവിന്റെ ജീവിതം മുഴുവനും ദൈവേഷ്ടത്തിനു സമർപ്പിച്ചപ്പോൾ ദൈവീക പദ്ധതി നിറവേറുന്നതിനു മുഖാന്തിരമായി.പഴയ നിയമം നിഴലും പുതിയ നിയമം പൊരുളുമാണ്. ഉല്പത്തി 17:17–ൽ നാം കാണുന്നു “സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും.”. സാത്താൻ മനുഷ്യനെ വഞ്ചിച്ചു പാപത്തിന്റെ കുഴിയിൽ വീഴിച്ചപ്പോൾ ദൈവം അതേ നാണയത്തിൽ അവനു തിരിച്ചടി കൊടുക്കുകയാണ്.കാൽവറിയിലെ യാഗത്താൽ.ക്രൂശിലെ യാഗം സാത്താന് ഭയമാണ്.യേശു പാപത്തേയും ശാപത്തേയും ആ യാഗത്താൽ നീക്കി കളഞ്ഞു.നമുക്ക് ജീവനും സൗഖ്യവും നേടി തന്നു.(1 peter 2:24).

യേശുവിനു തന്റെ അമ്മയെക്കുറിച്ച് നല്ല കരുതലുണ്ടായിരുന്നു.തന്നെ നൊന്തു പ്രസവിച്ചതും,തന്റെ രക്ഷാകരമായ ശുശ്രൂഷകളെ സാക്ഷിയാക്കിയതും ഉത്തമ സ്ത്രീത്വത്തെ സംരക്ഷിച്ചുകൊണ്ട് കടമ നിറവേറ്റുകയാണ് ചെയ്തത്.ക്രൂശിൽ കിടന്നുകൊണ്ട് മാതാവിനോട് സ്ത്രീയേ ഇതാ നിന്റെ മകൻ എന്നു യോഹന്നാനെ കാണിച്ചു കൊടുക്കുന്നു.യോഹന്നാനോട് ഇതാ നിന്റെ അമ്മ (John:19:27). ക്രൂശിൽ കിടന്നു അമ്മയെ ‘സ്ത്രീ’ എന്നു അഭിസംബോധന ചെയ്തത് ദൈവീകപദ്ധതിയുടെ നിവത്തിയായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത് (ഉല്പത്തി 17:17–ൽ പറഞ്ഞ സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലതകർക്കും).അല്ലാതെ അമ്മയെ

ആരുമല്ലാതാക്കാനല്ല.രക്ഷാകരപദ്ധതിയുടെ ഭാഗമാണ് മാതാവ്.യോശുവ 4:11-ൽ നാം കാണുന്നുണ്ട് "ജനമൊക്കെയും കടന്നു തീന്നപ്പോൾ ജനം കാൺകെ യഹോവയുടെ പെട്ടകവും പുരോഹിതന്മാരും മറുകര കടന്നു".ദൈവത്തിന്റെ അധിവാസം ചെയ്യുന്നതിന് താൻ വിശുദ്ധീകരിച്ചതിന് ശക്തിയുണ്ട് അതിനെ മലിനമാക്കുവാനും പരിഹാസമാക്കുവാനും ദൈവം അനുവദിക്കില്ല.അഭിഷേകവും തിരഞ്ഞെടുപ്പും എന്നേക്കും നിലനിൽക്കും(വെളി;11:19).സുറിയാനി സഭയുടെ സ്ലീബായുടെ ഉച്ചനമസ്ക്കാരത്തിൽ ഇങ്ങനെയാണ് പാടുന്നത്.

മോശ ചമച്ച-

സാക്ഷ്യപ്പെട്ടകമേ

മറിയാമേ! ശ്ലോമോ! ...........

മാതാവിന്റെ ചിത്രത്തിൽ നാം കാണുന്നത് യേശു കൂടെയുള്ള ചിത്രമാണ്.കാരണം യേശുവിനെ ലോകത്തിനു സമ്മാനിച്ചത് മാതാവാണ്.മാതാവിന്റെ നാമത്തിൽ അപേക്ഷിക്കുമ്പോൾ പ്രവത്തിക്കുന്നത് ദൈവമാണ്.ദൈവീക ശക്തിയാൽ ആണ് നാം അനുഗ്രഹീതരാകുന്നത്.മാതാവിന്റെ മദ്ധ്യസ്ഥതയെ വിമശിച്ചുകൊണ്ട് നൂതന സഭകൾ രംഗത്തു വന്നിട്ടുണ്ട്.മുട്ടത്തോടിനോട് ഉപമിക്കുന്നവരുണ്ട്.കോഴികുഞ്ഞ് വിരിഞ്ഞു കഴിഞ്ഞാൽ തോടിനെന്തു മാഹാത്മ്യം എന്നു ചോദിക്കുന്നു."സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വഴ്ത്തും" എന്ന വചനം മറന്നു പോകുന്നതുകൊണ്ടാണത്."എന്റെ കത്താവിന്റെ അമ്മ" എന്നു ഏലിസബേത്ത് മറിയത്തെ വിളിച്ചത് വെറുതെയല്ല പരിശുദ്ധത്മാവാൽ നിറഞ്ഞാണ് വിളിച്ചത്.നമ്മളിൽ പലക്കും മാതാവിന്റെ മദ്ധ്യസ്ഥതയാൽ ദൈവാനുഗ്രഹത്താൽ ലഭിച്ചിട്ടുണ്ട്.അത് ദൈവത്തോടുള്ള കടപ്പാടായി ജീവിതകാലമെല്ലാം സാക്ഷികളായി ജീവിക്കാൻ ഇടയാകട്ടെ.ചെറുപ്പം മുതൽ ദൈവത്തിനായി വേർതിരിക്കപ്പെട്ടു സമപ്പിത ജീവിതം നയിച്ചു.ദൈവകൃപ നിറഞ്ഞു മാനവകുലത്തിന്റെ അമ്മയായ നിത്യകന്യക മത്ത്മറിയം അമ്മയുടെ പ്രാത്ഥന നമുക്ക് കോട്ടയും കാവലുമാകട്ടെ.

സ്നേഹപൂവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.

# Article



## യേശു ക്രിസ്തുവിനെ സ്വീകരിക്കണമോ അതോ?

വി. മർക്കോസ് എഴുതിയ സുവിശേഷം 5:1 20 വേദഭാഗം അൽപം ചിന്തിക്കാം.

"അവർ കടലിന്റെ അക്കരെ ഗദരദേശത്ത് എത്തി. പടകിൽ നിന്നും ഇറങ്ങിയ ഉടനെ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറകളിൽ നിന്നു വന്നു അവനെ എതിരേററു. അവന്റെ പാർപ്പ് കല്ലറകളിൽ ആയിരുന്നു. ആർക്കുമവനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ചു കൂടാഞ്ഞു...... അവൻ യേശുവിനെ ദൂരത്തുനിന്നു കണ്ടിട്ടു ഓടിചെന്ന് അവനെ നമസ്ക്കരിച്ചു. അവൻ ഉറക്കെ നിലവിളിച്ചു. "യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ എനിക്കും നിനക്കും തമ്മിൽ എന്ത്?....... എന്റെ പേർ ലെഗ്യോൻ, ഞങ്ങൾ പലർ ആകുന്നു... അവിടെ മലയരികെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. ആ പന്നികളിൽ കടക്കേണ്ടതിന് ഞങ്ങളെ അയക്കേണം എന്ന് അവർ അവനേട് അപേക്ഷിച്ചു.... കണ്ടവർ ഭൂതഗ്രസ്തന് സം ഭവിച്ചതും പന്നികളുടെ കാര്യവും അവരോട് അറിയിച്ചു. അപ്പോൾ അവർ അവനോട് തങ്ങളുടെ അതിർ വിട്ടു പോകുവാൻ അപേക്ഷിച്ചു."

ഈ വേദഭാഗത്തെപ്പററി നമുക്ക് അൽപ്പം ചിന്തിക്കാം

പിശാചുബാധിതൻ ആ ദേശവാസികൾക്ക് വലിയ ഒരു ശല്ല്യം തന്നെ ആയിരുന്നു. പലവിധത്തിലും അവനെ അടക്കി നിർത്താൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. യേശുവിന്റെ പ്രവൃത്തിയാൽ അവരുടെ വലിയൊരു പ്രശ്നത്തിനു പരിഹാരം ഉണ്ടാവുകയും ചെയ്തു. പക്ഷേ യേശുവിനെ തങ്ങളുടെ പട്ടണത്തിൽ സ്വീകരിക്കാൻ അവർ തയ്യാറായില്ല. പകരം വിട്ടുപോകണം എന്നു ആവശ്യപ്പെടുന്നു. കാരണം ഒരു പക്ഷേ കടലിൽ മുങ്ങിചത്ത പന്നിക്കൂട്ടമായിരിക്കാം. തങ്ങളുടെ ജീവിതത്തിൽ ഒട്ടേറെ അസ്വാസ്ഥ്യങ്ങൾ സ്രഷ്ടിച്ചിരുന്ന ഒരാളുടെ സൗഖ്യത്തെക്കാളും തങ്ങളുടെ മനസമാധാനത്തേക്കാളും അവർ വിലമതിച്ചത് അവരുടെ വരുമാന മാർഗ്ഗത്തെ ആയിരുന്നു. അവരുടെ ചിന്താഗതിയും അശുദ്ധാത്മാക്കളിൽ നിന്നും ഭിന്നമായിരുന്നില്ല. തിരഞ്ഞെടുക്കുവാൻ നിർബന്ധിതരായപ്പോൾ അവർ മനുഷ്യപുത്രനെ ഉപേക്ഷിച്ച് പന്നികളെ തിരഞ്ഞെടുക്കുവാനാണ് തീരുമാനിച്ചത്. യേശുവിന്റെ സാന്നിധ്യം നമ്മുടെ ലൗകീക ജീവിതത്തിൽ ചില നഷ്ട്ടങ്ങൾക്ക് കാരണമായി മാറാറുണ്ട്, അല്ലെങ്കിൽ അങ്ങനെ നാം ചിന്തിക്കാറുണ്ട്. സത്യത്തിന്റെയും നീതിയുടെയും മാർഗ്ഗത്തിലൂടെ മാത്രമേ കര്യങ്ങൾ നടത്തുകയുള്ളൂ എന്ന് നിഷ്ക്കർഷിക്കുമ്പോൾ ചിലവരുമാന മാർഗ്ഗങ്ങൾ നമുക്ക് ഉപേക്ഷിക്കേണ്ടതായി വന്നേക്കാം. കള്ളത്തരത്തിനു കൂട്ടുനിൽക്കില്ല എന്ന നമ്മുടെ തീരുമാനം ചിലപ്പോൾ മററുള്ളവരെ നമ്മോടൊത്തു വ്യാപാരത്തിൽ ഏർപ്പെടുന്നതിൽ നിന്നും പിന്തിരിപ്പിച്ചേക്കാം. പല തെററായ കാര്യങ്ങളും ചെയ്യുന്നതിൽ കുഴപ്പം ഇല്ലെന്നും എല്ലായ്പ്പോഴും ശരി മാത്രം ചെയ്യാൻ സാധികുകയില്ലായെന്നും പറഞ്ഞുകൊണ്ട് ലോകം അനുവധിച്ചു തരുന്ന ഒട്ടനവധി കാര്യങ്ങൾ യേശുവിനോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുന്നവർ ഉപേക്ഷിക്കേണ്ടതായി വരും. സന്ധ്യാ പ്രാർത്ഥനയും വിനോദപരിപാടികളും ഒരേ സമയത്താകുമ്പോൾ, പ്രാർത്ഥനായോഗങ്ങളും വിരുന്നു സൽക്കാരങ്ങളും ഒരു ദിവസം തന്നെയാകുമ്പോൾ, കുർബാനയ്ക്ക് പോകേണ്ടുന്ന ദിവസങ്ങളിൽ ഉല്ലാസയാത്രക്ക് ക്ഷണം ലഭിക്കുമ്പോൾ ഒക്കെയും ഒരു തിരഞ്ഞെടുപ്പിന് നാം നിർബന്ധിതരാകാറുണ്ട്. 2000 വർഷം മുൻപ് ഒരു തീരുമാനമെടുക്കാൻ നിർബന്ധിതരായ ജനത്തിനു സമാനമായ ഒരു അവസ്ഥയാണ് ഇത്തരത്തിലുള്ള അവസരങ്ങളിൽ നമ്മുടെ മുന്നിലും വന്ന് ചേരുന്നത്.

നിത്യജീവനെ തിരഞ്ഞെടുക്കണോ അതോ പന്നികളെയോ?....... ഇന്നു നമ്മുടെ പ്രവൃത്തികളും ചിന്തകളും യേശുവിനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കാൻ സഹയിക്കുന്നതാണോ?....

ദൈവരാജ്യമെന്നാൽ ഭക്ഷണവും, പാനീയവുമല്ല, പ്രത്യുത , നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്.... റോമർ 14:17

ജോജി സൂസൻ മാണി....

# Announcements


## അനുശോചനം

**നമ്മുടെ മെമ്പർ ശ്രീ വർഗീസ് പി. വി. യുടെ മാതാവ് കർത്താവിൽ നിദ്രപ്രാപിച്ചു.**

**നമ്മുടെ മെമ്പർ ശ്രീ സുനിൽ സി പി യുടെ പിതാവ് കർത്താവിൽ നിദ്രപ്രാപിച്ചു.**

**പരേതരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുകയും ആ കുടുംബങ്ങളോടുള്ള ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.**

**********************************************************************************************



**ജിജോമോൻ – സിനിമോൾ ദമ്പതികൾക്ക് പെൺകുഞ്ഞു ജനിച്ച വിവരം സന്തോഷത്തോടെ അറിയിക്കുന്നു.**

## *Happy Birthday*




**JEFFIN MOBY TITUS**
**(5th Birthday on September 9)**



**ANSA MARY JOSE**
**(10th Birthday on September 21)**

# BIBLE CROSSWORD for SEPTEMBER 2015

This month's Crossword is taken from the Book of Mark Chapters 6, 7 & 8 of KJV Bible.



Full Name________________________________________

## Across


**1.** This proceeds out of the heart of men.
**6.** Herod considered Jesus as him.
**8.** Jesus came to the disciples' ship by walking on it.
**12.** Twelve baskets were full of this and fish.
**13.** The number of loaves disciples brought to Jesus
**14.** The blind man was cured here by Jesus.
**15.** They found fault with disciples who ate bread with unwashed hand.

## Down

2. Jesus was teaching here.
3. "Get thee behind me, Satan" Jesus said this to his disciple.
4. "Whoso curseth father or mother, let him die the death" was ordered by him.
5. The sick people were kept here to touch the border of Jesus garment.
7. Be opened
9. Jesus said, "Whosoever will save this will lose it."
10. Jesus commanded the disciples to shake off the dust under their feet for this.
11. Profession of Jesus

*(Please deposit your answers before 20th September)*

## Answer to Bible Crossword - June 2015




*Congratulations.....*

## Winners
### Bible Crossword June 2015

Aibel Rejan Varghese
Akhil Basil Paulose
Anitta Mariya Polson
Ashly Elsa Shibu
Chris V Binu
Don Sabu Varkey
Edwin Mathew
Liya Sara Joseph
Mahal Mani Ulahannan
Merlin Mary
Milan Mani Mathew
Roshan Thomas Roy
Sarah
Seba Sara Baby
Sebine Scaria
Shain Rima Alex
Sharon Paul Alucka
Shruti Ann Isaac
Sofia Paul

# Quiz No 6

Question 1–8 — 1 തെസ്സലൊനീക്യർ

9–15 — 2 തെസ്സലൊനീക്യർ

14,15 — common

1. പൗലോസും കൂടെ ഉള്ളവരും തെസ്സലൊനീക്യയിൽ എത്രമാത്രം ആർദ്രതയുള്ള വരായിരുന്നു?

2. ദൈവം നമ്മെ അശുദ്ധിക്കല്ല പിന്നെ എന്തിനാണ് വിളിച്ചത്?

3. നാം പകലിനുള്ളവരാകയാൽ എന്തെല്ലാം ധരിച്ചുകൊണ്ടാണ് സുബോധമായിരിക്കേണ്ടത്?

4. തങ്ങളുടെ സകല കഷ്ടത്തിലും തെസ്സലൊനീക്യരുടെ എന്തു ഹേതുവായിട്ടാണ് പൗലോസും കൂട്ടരും അവരെക്കുറിച്ച് ആശ്വാസം പ്രാപിച്ചത്?

5. ബഹുകഷ്ടം സഹിക്കേണ്ടി വന്നിട്ടും തെസ്സലൊനീക്യ സഭ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ എന്തു കൈക്കൊണ്ടാണ് പൗലോസിനും കൂട്ടർക്കും കർത്താവിനും അനുകാരികളായിത്തീർന്നത്?

6. കള്ളൻ രാത്രിയിൽ വരുന്നതുപോലെ എന്താണ് വരുന്നത്?

7. കർത്താവിന്റെ വരവിൽ ആദ്യം ഉയിർത്തെഴുന്നേലക്കുന്നതാര്?

8. തെസ്സലൊനീക്യ സഭയിൽവരുന്നതിൽ നിന്നും പൗലോസിനെയും കൂട്ടരേയും തടുത്തതാരാണ്?

9. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു അയയ്ക്കുന്നതെന്താണ്?

10. എന്തു ചെയ്യുന്നതിൽ തളർന്നു പോകരുതെന്നാണ് പൗലോസ് തെസ്സലൊനീക്യ സഭയോട് പറഞ്ഞത്?

11. നിങ്ങൾ ഉറച്ചുനിന്നു ഞങ്ങൾ വാക്കിനാലോ,ലേഖനത്താലോ ഉപദേശിച്ചു തന്ന എന്തു മുറുകെ പിടിച്ചു കൊള്ളുവിൻ എന്നാണ് പൗലോസ് തെസ്സലൊനീക്യരോട് പറഞ്ഞത്?

12. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് എന്തിലാണ് പ്രത്യക്ഷപ്പെടുന്നത്?

13. എങ്ങനെയുള്ള മനുഷ്യരുടെ കൈയ്യിൽ നിന്ന് തങ്ങൾ വിടിവിക്കപ്പെടേണ്ടതിനാണ് പൗലോസ് തെസ്സലൊനീക്യരുടെ പ്രാർത്ഥന ആവശ്യപ്പെട്ടത്?

14. കരിശുവരയുടെ സാരാംശം എന്താണ്?

15. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടിയ പരി.പാത്രീയർക്കീസ് ബാവ?

*(ദയവായി ഉത്തരങ്ങൾ **September 20** ന് മുൻപായി ബോക്സിൽ നിക്ഷേപിക്കുക)*

## Quiz No 5 Answer

ഫിലിപ്പിയർ (1–8) , കൊലോസ്സ്യർ (9–15)

1. ജീവൻെറ വചനം പ്രമാണിക്കുമ്പോൾ 2:15
2. മേല്ക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും 1:9
3. ക്ലേമന്ത് 4:3
4. സ്വർഗ്ഗത്തിൽ 3:20
5. ക്രിസ്തുവിനു വേണ്ടി കഷ്ടം അനുഭവിക്കുവാനും 1:29
6. ഹൃദയങ്ങളേയും,നിനവുകളേയും 4:7
7. തിമൊഥെയോസ് 2:22
8. സ്വർലോകരുടേയും,ഭൂലോകരുടേയും,അധോലോകരുടേയും 2:10
9. പ്രത്യാശ 1:3
10. വാഴ്ചകളേയും അധികാരങ്ങളേയും 2:15
11. സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം 3:14
12. സമാധാനം 1:20
13. കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും 4:6
14. ലവുദിക്യ 4:16
15. നീതിയും ന്യായവും 4:1

## Winners - Quiz No. 5

Aleyamma Thomas
Beena Mathew
Bisy Eby
Gincy Eldhos
Jismol Jayan
Joji Susan Mani
Lali Chandy Joshua
Moly Baby
Serene Scaria
Sezil Baby
Shaiby Baby
Siji Paul
Sheeba Roy
Sheeja Polson
Shelby Jacob
Shini Varkey
Sosamma Scaria
Suni Philip
Synu Deena Varughese



Usha Achenkunju

*Congratulations.....*

# Events

## Summer Class 2015
























Arts & Craft,
Malayalam Classes





# Important Days for the Month of September and October 2015

| SEPTEMBER | TUE | WED | THU | FRI | SAT | SUN | MON | SUN | FRI | TUE | WED | THU | FRI |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 13 | 18 | 22 | 23 | 24 | 25 |
| | CONVENTION | CONVENTION | CONVENTION | **Sunday School Re-open,** CONVENTION | CONVENTION | Holy Qurbana | **ETTU NOMBU PERUNNAL** | **SLEEBA PERUNNAL** | Cottage prayer | **YA - One Day Seminar** | **Sunday School Competition** | **Sunday School Competition** | **Holy Qurbana** |

| OCTOBER | THU | FRI | THU | FRI | FRI | THU | FRI | THU | FRI |
|---|---|---|---|---|---|---|---|---|---|
| | 1 | 2 | 8 | 9 | 16 | 22 | 23 | 29 | 30 |
| | **Adults Competition (Creative Writing Essay)** | **ST. BASELIOS FEAST** | **Adults Competition (Bible Verse & Creative Writing Poem** | **YA Blood Donation** | **Holy Qubana Adults Competition** | **Vanitha Samajam Dyanam** | **Sakkralla Bava (Orma) Adults Competition Fancy Dress** | **Holy Qurbana** | **PICNIC *(NO Holy Qurbana)*** |







